പട്ടികവർഗ്ഗ വികസന വകുപ്പ് (രൂപ ലക്ഷത്തിൽ)

വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക
2006-07	1817.64	1170.01
2007-08	483.79	2159.18
2008-09	1814.54	2019.27
2009-10	2383.44	2771.36

(സി) പ്രത്യേകം അനുബന്ധമായി വച്ചിട്ടുണ്ട്.*

(ഡി) ഉന്നമന പ്രവർത്തനങ്ങൾ ലക്ഷ്യത്തിൽ എത്തുന്നുണ്ട്.

പട്ടികസമുദായങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള മെഡിക്കൽ/പി.ജി. സീറ്റുകൾ

99 (5504) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികസമുദായങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള മെഡിക്കൽ പി. ജി. സീറ്റുകൾ മറ്റു വിഭാഗങ്ങൾക്ക് നൽകിയതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിഷയത്തിൽ യഥാർത്ഥ വസ്തുത എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ആകെ എത്ര സീറ്റുകളാണ് ഈ വകയിൽ സംവരണം ചെയ്തിട്ടുള്ളതെന്നും എത്രപേർക്ക് പ്രവേശനം നൽകിയെന്നും എത്ര ബാക്കിയുണ്ടെന്നും എങ്കിൽ ആ സീറ്റുകൾ എന്തു ചെയ്തുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

എം.ബി.ബി.എസ്സിന് മെറിറ്റ് സീറ്റിലെ ഫീസ്

100 (5505) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്.-ന് മെറിറ്റ് സീറ്റിലെ ഫീസ് 1,38,000 രൂപ ആണെന്നിരിക്കെ പ്രസ്തുത സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ് 2,60,000 രൂപയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly